# ‘ക്രിസ്തുയേശുവിലുള്ളവർ’

## റോമർ 8:1

“അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല.”

അദ്ധ്യായം 7 ൽ അവസാനഭാഗത്തു വായിക്കുമ്പോൾ, പൗലോസ് ഇപ്രകാരം പറയുന്നുണ്ട്, “അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന്നു അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും?”. അതിന്നു ശേഷം അദ്ധ്യായം 8 തുടങ്ങുന്നത് ഇപ്രകാരമാണ്. എങ്ങിനെയാണ് ക്രിസ്തുയേശുവിലുള്ള ഒരുവൻ ശിക്ഷാവിധിയിൽ നിന്ന് മാറ്റപ്പെടുന്നത്? 8:3–4 ൽ ഇപ്രകാരം കുറിക്കുന്നു, “ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന്നു കഴിയാത്തതിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിന്നു ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിന്നു തന്നേ.”

നിയമം കർക്കശമാകുമ്പോൾ അതു ലംഘിക്കാനുള്ള വ്യഗ്രതയും മനുഷ്യരിൽ കൂടുന്നതായി നമുക്ക് കാണാം. അതു ആത്മീയമായി നോക്കിയാലും ഭൗതീകമായാലും എന്തായിരുന്നാലും അതു ഇന്നത്തെ ലോക തത്വമായി മാറിയിരിക്കുന്നു. അവിടെയാണ് അദ്ധ്യായം 7 ൽ പൗലോസ് പറയുന്ന ഈ വാക്യം നാം ഓർമ്മിക്കേണ്ടത്, (7:7) “ആകയാൽ നാം എന്തു പറയേണ്ടു? ന്യായപ്രമാണം പാപം എന്നോ? ഒരുനാളും അരുതു. എങ്കിലും ന്യായപ്രമാണത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞില്ല; മോഹിക്കരുതു എന്നു ന്യായപ്രമാണം പറയാതിരുന്നെങ്കിൽ ഞാൻ മോഹത്തെ അറികയില്ലായിരുന്നു.”

ഒരു നിയമം ഉണ്ടെങ്കിലേ അതിന്റെ ലംഘനത്തെക്കുറിച്ചും അതിന്റെ പരിണിത ഫലങ്ങളെക്കുറിച്ചും പരിഹാരമാർഗ്ഗളെക്കുറിച്ചുമെല്ലാം മനുഷ്യൻ ബോധവാന്മാരാകു കയുള്ളൂ. എന്നാൽ ലംഘനത്തിന്റെ പരിഹാരങ്ങൾ നിസ്സാരവൽക്കരിക്കപ്പെടുകയും അത് പിന്നീട് നിരന്തരമായ നിയമലംഘനം മാത്രമായിത്തീരുകയും ചെയ്യുമ്പോൾ അതിൽ നിന്ന് ലംഘകനെ രക്ഷപ്പെടുത്തുക എന്നത് അത്ര എളുപ്പമായ കാര്യമായി എന്നു വരികയില്ല. അതു അവനെ നിത്യമായ നാശത്തിലേക്കും പിന്നീട് മരണകരമായ കുറ്റകൃത്യങ്ങളിലേക്കും നയിക്കപ്പെട്ടെന്നു വരാം. അപ്പോഴാണു പൗലോസ് പറയുന്നതുപോലെ “ഇങ്ങനെ

ജീവന്നായി ലഭിച്ചിരുന്ന കൽപന എനിക്കു മരണഹേതുവായിത്തീർന്നു" എന്നു ഞാൻ കാണുന്നത്.

അവിടെയാണ് ദൈവം നമ്മോടുള്ള സ്നേഹത്തെ വെളിവാക്കുന്നത്. പാപത്തിൻ അടിമത്വത്തിലായി നിത്യമായ മരണത്തിലേക്ക് കൂപ്പുകുത്തുകയായിരുന്ന മനുഷ്യകുലത്തെ രക്ഷിപ്പാൻ ദൈവം വലിയ ഒരു രക്ഷാകര പദ്ധതി ഒരുക്കി. റോമർ 5:8 ൽ ഇപ്രകാരം നാം വായിക്കുന്നു "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു." അതുപോലെതന്നെ 2 കൊരിന്ത്യർ 5:21 ൽ ഇപ്രകാരം പറയുന്നുണ്ട് "പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി" എന്ന്. ഇന്ന് ഈ വചനങ്ങളെ വായിച്ച് നാം ധ്യാനിക്കുമ്പോൾ നമ്മോടു തന്നെ നാം ഒന്നു ചോദിക്കുക, ഞാൻ എന്ന വ്യക്തി ഇന്നു ജഡത്തെ അനുസരിച്ചാണോ അതോ ദൈവം നമ്മോടുള്ള അതിമഹത്തായ സ്നേഹത്താൽ നമുക്ക് നൽകിയിരിക്കുന്ന ആത്മാവിനെ അനുസരിച്ചാണോ ജീവിക്കുന്നത്.

കാരണം വചനം പറയുന്നുണ്ട് "ജഡസ്വഭാവമുള്ളവർ ജഡത്തിന്നുള്ളതും ആത്മസ്വഭാവുമുള്ളവർ ആത്മാവിന്നുള്ളതും ചിന്തിക്കുന്നു. ജഡത്തിന്റെ ചിന്ത മരണം. ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ. ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു; അതു ദൈവത്തിന്റെ ന്യായപ്രമാണത്തിന്നു കീഴ്പെടുന്നില്ല, കീഴ്പെടുവാൻ കഴിയുന്നതുമല്ല." അതിന്നു ശേഷം പറയുന്നു, "ജഡസ്വഭാവമുള്ളവർക്കു ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല" എന്ന്. അതുകൊണ്ട് "നിങ്ങളോ, ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നുവരികിൽ ജ്ഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രേ, ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവന്നുള്ളതല്ല. ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും നീതിനിമിത്തം ജീവനാകുന്നു."

ആകയാൽ ഈ വചനങ്ങളെ ധ്യാനിക്കുക വഴി, നിങ്ങൾ നിങ്ങളുടെ പഴയ മനുഷ്യനെ ഉരിഞ്ഞൂകളഞ്ഞ് ക്രിസ്തുവിനോട് ഏകീഭവിച്ച് അവൻ നമുക്ക് വേണ്ടി നമ്മുടെ പാപങ്ങളെ ഏറ്റ് മരിച്ച് ഉയിർത്ത് ഇന്നും നമുക്കായി ജീവിക്കുന്നു എന്നുള്ള വലിയ ബോധത്തിലായിരിപ്പാനും അതു നമ്മെ ക്രിസ്തുവിനോട് കൂടുതൽ അടുപ്പിക്കുന്നതിന്നും

ഉതകുവാൻ തക്കവണ്ണം ഇടയായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

റോമർ 8:11

“യേശുവിനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽനിന്നു ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും.”

ബ്രദർ. ബിനു ബേബി ആലപ്പുഴ 084